റേഷൻ കടകൾവഴി വിതരണംചെയ്യുന്ന മണ്ണെണ്ണ

45 (1840) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റേഷൻ കാർഡുടമകൾക്ക് ഇപ്പോൾ പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണയാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത് ;

(ബി) മണ്ണെണ്ണ പെർമിറ്റുള്ളവർക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പാചകവാതകം ലഭിക്കാത്ത ഗ്രാമീണ മേഖലകളിൽ എല്ലാ റേഷൻ കാർഡുടമകൾക്കും ഇപ്പോൾ ലഭിക്കുന്ന മണ്ണെണ്ണ കൂടാതെ പ്രതിമാസം അഞ്ചു ലിറ്റർ മണ്ണെണ്ണയെങ്കിലും ലഭ്യമാകുന്നതിനുതകുന്ന പെർമിറ്റ് സമ്പ്രദായം വ്യാപകമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പാചകാവശ്യത്തിന് ഒരു റേഷൻകാർഡുടമയ്ക്ക് പ്രതിമാസം അഞ്ചു ലിറ്റർ മണ്ണെണ്ണയെങ്കിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതീകരിച്ച വീടുകൾക്ക് പ്രതിമാസം 2 ലിറ്റർ മണ്ണെണ്ണ വീതവും വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾക്ക് പ്രതിമാസം 5 ലിറ്റർ മണ്ണെണ്ണ വീതവുമാണ് കാർഡുടമകൾക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത് ഇത് കൂടാതെ പെർമിറ്റ് ഉള്ളവർക്ക് അതുപ്രകാരമുള്ള മണ്ണെണ്ണയുടെ 55 ശതമാനവും വിതരണം ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന മണ്ണെണ്ണ ഇപ്പോഴുള്ള തോതനുസരിച്ചുപോലും നൽകാൻ മതിയാകാത്ത സാഹചര്യത്തിൽ ഈ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

വനിതാസ്വാശ്രയ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ റേഷൻകടകളിലൂടെ വിൽപ്പന നടത്തുവാൻ അനുമതി

46 (1841) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റേഷൻ കടകളിൽ പൊതുവിതരണ ശൃംഖലയിലൂടെ അല്ലാതെയുള്ള ഏതെങ്കിലും നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly